**"ഭരണഭാഷ - മാതൃഭാഷ"**

NO TO DRUGS

നം: ടിബിഒ/1955/2025-എ1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(പാഠപുസ്തക വിഭാഗം),
തിരുവനന്തപുരം.
തീയതി : **04-06-2026**

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം- പാഠപുസ്തക വിഭാഗം- 2026-27 അദ്ധ്യയന വർഷത്തെ 1 മുതൽ 10 ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ അധിക പാഠപുസ്തകങ്ങളുടെ ഇൻഡൻ്റ് TBMS (Text Book Supply Monitoring System) മുഖേന ഓൺലൈനായി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സർക്കാർ ഉത്തരവ് നം.(കൈ ).178/2025/GEDN തീയതി. 04-11-2025

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.11.2025 തീയതിയിലെ TBO/1955/2025-A1 പ്രകാരമുള്ള സർക്കുലർ

*****

മേൽ സൂചന (2) സർക്കുലറിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ടി സർക്കുലറിൽ 2026-27 അദ്ധ്യയന വർഷത്തെ ആറാം പ്രവർത്തി ദിവസത്തെ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ നൽകിയിട്ടുള്ള ഇൻഡന്റ്റിനേക്കാൾ കൂടുതൽ പാഠപുസ്തകങ്ങൾ ആവശ്യമെങ്കിൽ പ്രസ്തുത ഇൻഡന്റ് ക്രമീകരിക്കുന്നതിനായി 2026 ജൂൺ മാസം അവസരം നൽകുമെന്നറിയിച്ചിരുന്നു. അതു പ്രകാരം 2025-26 അധ്യയന വർഷത്തെക്കാൾ കൂടുതലായി പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ് & എയ്ഡഡ്) ഓരോ ക്ലാസ്സിലും 2026-27 അധ്യയന വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് KITE (Kerala Infrastructure and Technology for Education)- ഒരുക്കിയിട്ടുള്ള TBMS (Textbook Supply Monitoring System) വെബ് സൈറ്റ് മുഖേന **(www.tbms.kite.kerala.gov.in)** ഓൺലൈനായി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

2026-27 അധ്യയന വർഷത്തെ ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ പുനഃക്രമീകരണശേഷവും അധികമായി പാഠപുസ്തകങ്ങൾ ആവശ്യമുണ്ടെങ്കിൽ മാത്രമേ അഡീഷണലായി ഇൻഡന്റ് രേഖപ്പെടുത്തുവാൻ പാടുള്ളൂ. സ്കൂളുകൾ അഡീഷണൽ ഇൻഡൻ്റ് ചെയ്യുന്ന പാഠപുസ്തകങ്ങൾ ജില്ലാ ഉപജില്ലാ തലങ്ങളിൽ പുനക്രമീകരണത്തിൻ്റെ ഭാഗമായി നീക്കിയിരിപ്പില്ലെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

1. 2026-27 അധ്യയന വർഷത്തിൽ സ്കൂളിലേയ്ക്ക് കുട്ടികൾ പുതുതായി ചേർന്നിട്ടുള്ളതും ഏതെങ്കിലും കാരണത്താൽ ആവശ്യമായ പാഠപുസ്തകങ്ങൾ ഇൻഡൻ്റ് ചെയ്യാൻ വിട്ടുപോയവരും അധികമായി വേണ്ടിവരുന്ന പാഠപുസ്തകങ്ങൾ (ആക്ടിവിറ്റി പാഠപുസ്തകങ്ങൾ ഉൾപ്പെടെ) ഇൻഡന്റ് ചെയ്യാനാണ് ഈ അവസരം നൽകിയിരിക്കുന്നത്.

2. 2026-27 വർഷത്തേയ്ക്ക് വാല്യം 1 മാനുവൽ ഇൻഡന്റ് സമർപ്പിച്ച സ്കൂളുകളും അംഗീകാരമുള്ള അൺഎയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾ വാല്യം രണ്ട് പാഠപുസ്തകങ്ങൾ



File No. TBO/1955/2025-A1 (Computer No. 1682738)
Generated from eOffice by REMYA A, A1 TBO, A1 TBO, TEXT BOOK OFFICE on 08/06/2026 11:36 AM

ലഭിക്കുന്നതിനായി ഈ അഡീഷണൽ ഇൻഡൻറ് രേഖപ്പെടുത്തേണ്ടതാണ്.

3 . **ഓൺലൈൻ മുഖേന ഇൻഡന്റ് രേഖപ്പെടുത്താനുള്ള സമയം 2026 ജൂൺ 11 മുതൽ 15 വരെയാണ്. ഈ സമയത്തിനുള്ളിൽ അതാത് സ്കൂളധികൃതർ** TBMS (Textbook Supply Monitoring System) 2026-27 (www.tbms.kite.kerala.gov.in) **സോഫ്റ്റ് വെയർ മുഖാന്തിരം അതാത് സ്കൂളുകൾക്കുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യേണ്ടതും അധികമായി ആവശ്യമുള്ള പാഠപുസ്തകങ്ങൾ മാത്രം ഇൻഡൻ്റ് ചെയ്യേണ്ടതുമാണ്.**

4. **ലോഗിൻ ചെയ്തതിനുശേഷം ഹോം പേജിൽ ലഭ്യമായിട്ടുള്ള "Additional Text Book Indent" എന്ന icon ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ മീഡിയം സെലക്ട് ചെയ്ത്, ക്ലാസ്സ് സെലക്ട് ചെയ്ത് അധികമായി ആവശ്യമുള്ള പുസ്തകങ്ങളുടെ എണ്ണം അതാത് ടൈറ്റിലുകൾക്ക് നേരെ ലഭ്യമായിട്ടുള്ള ബോക്സിൽ രേഖപ്പെടുത്തേണ്ടതാണ്.**

5. ഇൻഡന്റ് അപ് ലോഡ് ചെയ്ത് കൺഫേം ചെയ്തതിന് ശേഷമുള്ള പകർപ്പ് അതാത് പ്രധാനാദ്ധ്യാപകർ ഒപ്പ് വച്ച് പരിശോധനകൾക്കായി സൂക്ഷിക്കേണ്ടതാണ്.

6. പാഠപുസ്തക ഇൻഡന്റിംഗ് വേളയിൽ പ്രധാനാദ്ധ്യാപകർ പലരും ഇൻഡന്റ് ചെയ്ത പ്രിന്റ് ഔട്ട് എടുത്ത് കൺഫർമേഷൻ നൽകുന്നതിനുമുമ്പ് പരിശോധിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽസൂചിത കാര്യം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. തെറ്റായി ഇൻഡന്റ് രേഖപ്പെടുത്തുന്നതിനാൽ അധിക അച്ചടി ഉത്തരവ് നൽകുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു. ഇത്തരത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം ആയതിന് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ മാത്രമായിരിക്കും ഉത്തരവാദികൾ.

7 ഇൻഡന്റ് കൺഫേം ചെയ്തതിന് ശേഷം അതിൽ യാതൊരു വ്യത്യാസവും വരുത്തുവാൻ സാധിക്കുകയില്ല. അതിനാൽ വളരെ ശ്രദ്ധയോടുകൂടി വേണം ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തേണ്ടത്. നിശ്ചിത തീയതിക്കുശേഷം യാതൊരു കാരണവശാലും ഇനിയൊരു അവസരം നൽകുന്നതല്ല.

8. "ടി നിശ്ചിത സമയത്തിനകം ഇൻഡൻ്റ് ചെയ്യേണ്ടത് സ്കൂളധികൃതരുടെ ഉത്തരവാദിത്വമാണ്". യഥാസമയം ഇൻഡൻ്റ് ചെയ്യാതിരിക്കുന്ന പ്രഥമാദ്ധ്യാപകർക്കെതിരെ കർശന നടപടി എടുക്കുന്നതാണ് എന്നു കൂടി അറിയിക്കുന്നു.

9. അംഗീകാരമുള്ള സ്കൂളുകൾക്കും അൺ എയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾക്ക് അഡീഷണലായി ഇൻഡൻ്റ് നൽകാവുന്നതാണ്.

10. നിശ്ചിത സമയത്തിനകം ഇൻഡൻ്റ് ലഭിച്ചാൽ മാത്രമെ ജൂൺ അവസാന വാരത്തിനകം ആവശ്യമായ അധിക പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിച്ചു നൽകുവാൻ സാധിക്കുകയുള്ളൂ എന്നുകൂടി അറിയിക്കുന്നു. **അഡീഷണൽ ഇൻഡൻറ് 2026 ജൂൺ 11 മുതൽ 15 വരെ മാത്രമായിരിക്കും.**

11. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളും നിശ്ചിത തീയതിയ്ക്കകം ഇൻഡന്റിംഗ് പൂർത്തിയാക്കി Confirm ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും, തങ്ങൾക്കു അനുവദിച്ചിട്ടുള്ള അവസാന തീയതിയായ 16-06-2026 ന് മുമ്പായി സ്കൂളുകൾ സമർപ്പിച്ചിട്ടുള്ള ഇൻഡൻ്റ് പരിശോധിച്ച് Confirm ചെയ്യേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും



File No. TBO/1955/2025-A1 (Computer No. 1682738)
Generated from eOffice by REMYA A, A1 TBO, A1 TBO, TEXT BOOK OFFICE on 08/06/2026 11:36 AM

4. എല്ലാ ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും
(താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ പ്രഥമാദ്ധ്യാപകർക്കും അംഗീകാരമുള്ള അൺ എയ്ഡഡ്/സി.ബി.എസ്.ഇ/നവോദയ സ്കൂളുകൾക്കും സർക്കുലർ അയച്ചുനൽകേണ്ടതാണ്. അതോടൊപ്പം ഏതെങ്കിലും കാരണവശാൽ പ്രഥമാദ്ധ്യാപകൻ/പ്രിൻസിപ്പാൾ ഇൻഡന്റ്റിംഗ് സമയത്ത് ലീവാണെങ്കിൽ ചാർജ്ജുള്ള അദ്ധ്യാപകർ മുഖേന ഇൻഡന്റ്റിംഗ് സമയബന്ധിതമായി നടത്തിയിട്ടുണ്ടെന്നുള്ള കാര്യം ഉറപ്പാക്കേണ്ടതാണ്).